മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ സ്രോതസ് ഭാരതപ്പുഴയാണ്. ഭാരതപ്പുഴയിലെ കൂട്ടിലമുക്കിൽ നിർദ്ദിഷ്ട തടയണ, സംഭരണ കിണർ, ശുദ്ധീകരണശാല, ക്ലിയർ വാട്ടർ കം പമ്പ് ഹൗസ്, കോമ്പൗണ്ട് വാൾ, റാ വാട്ടർ ക്ലിയർ വാട്ടർ, പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, വിവിധ മേഖലകളിലേയ്ക്കുള്ള സംഭരണികൾ, വിതരണശൃംഖല എന്നിവയാണ് പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ. കൂട്ടിലമുക്കിലെ സംഭരണ കിണറും പമ്പ് ഹൗസും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും പോസ്റ്റർ പമ്പ് ഹൗസ്, നാല് മീറ്റർ ദൈർഘ്യം വരുന്ന വിതരണ ശൃംഖല ഇവ ഇതിനകം പൂർത്തിയായിട്ടുണ്ട്. ജലസംഭരണിക്ക് പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് നിർദ്ദേശിച്ചിരുന്ന സ്ഥലം ലഭ്യമാകാത്തതിനാൽ പകരം സ്ഥലം കണ്ടെത്തുകയും പ്രസ്തുത വ്യതിയാനം പമ്പ്സെറ്റ് ഇവയിൽ വന്ന മാറ്റം 5-1-2004-ൽ അംഗീകരിച്ച് ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ഒറ്റപ്പാലം ശുദ്ധജല വിതരണ പദ്ധതിയുടെ സംഭരണക്കിണറിന് താഴെയാണ് ഒരു തടയണ വിഭാവനം ചെയ്തിട്ടുള്ളത്. തൃശ്ശൂർ ഡിവിഷനുകീഴിലുള്ള തിരുവില്വാമല കൊണ്ടോഴി ശുദ്ധജലവിതരണ പദ്ധതിക്കും കൂടി ഉപയുക്തമാകുന്ന തരത്തിലാണ് നിർദ്ദിഷ്ട തടയണ. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 93.75 ലക്ഷം രൂപയാണ് മൊത്തം മതിപ്പ് ചെലവ് കണക്കാക്കുന്നത്. എൽ.ഐ.സി-യുടെ സഹായത്തോടുകൂടി ഒറ്റപ്പാലം ശുദ്ധജല വിതരണ പദ്ധതിയുടെ ഓഹരി 4464.67 ലക്ഷം രൂപയാണ്. പദ്ധതിയുടെ ബാക്കി തുക സംസ്ഥാന വിഹിതമാണ്. ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയാണ് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിന് തടസ്സമായി നിൽക്കുന്നത്. ഒറ്റപ്പാലം പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഗണിച്ച് ഈ പദ്ധതി കഴിയുന്നതും വേഗം പൂർത്തിയാക്കാൻ ധനലഭ്യതയുടെകൂടി അടിസ്ഥാനത്തിൽ ഗവൺമെന്റ് മുന്നോട്ടു നീങ്ങുന്നതാണ്.

(3) ചുള്ളിമാനൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. നെടുമങ്ങാട് സെക്ഷൻ ഓഫീസ് ജനങ്ങൾക്ക് ഏറ്റവും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥയിലാണ്. മുപ്പതിനായിരത്തിലേറെ കൺസ്യൂമേഴ്സാണ് ഈ സെക്ഷൻ ഓഫീസിന് കീഴിലുള്ളത്. നെടുമങ്ങാട് മുനിസിപ്പാലിറ്റി, ആനാട്, പനവൂർ പഞ്ചായത്തുകൾ; വാമനപുരം മണ്ഡലത്തിലെ പുന്നംപാറ പഞ്ചായത്ത്, ആര്യനാട് മണ്ഡലത്തിലെ തൊളിക്കോട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾ ഇത്രയും പ്രദേശങ്ങൾ വരുന്ന കൺസ്യൂമേഴ്സ് എല്ലാം നെടുമങ്ങാട് സെക്ഷൻ ഓഫീസിനെയാണ് ആശ്രയിക്കുന്നത്. ഇരുപതിനായിരത്തിലേറെ കൺസ്യൂമേഴ്സ് കഴിഞ്ഞാൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുമെന്നാണ് ഗവൺമെന്റ് നേരത്തെ വ്യക്തമാക്കിയിരുന്നത്. നെടുമങ്ങാട് സെക്ഷൻ ഓഫീസിൽ ഗുണഭോക്താക്കൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നെടുമങ്ങാട് സെക്ഷൻ ഓഫീസ് വിഭജിച്ച് ആനാട്, പുല്ലംപാറ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ചുള്ളിമാനൂർ കേന്ദ്രീകരിച്ച് വൈദ്യുതി ബോർഡിന്റെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ആനാട്, പനവൂർ പഞ്ചായത്തുകൾ വളരെ നേരത്തെ തന്നെ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷെ ബോർഡിന്റെ സാമ്പത്തിക പ്രയാസങ്ങൾ പരിഗണിച്ച് തൽക്കാലം മാറ്റി വയ്ക്കുകയാണുണ്ടായത്. ഇന്നും സാമ്പത്തിക പ്രയാസങ്ങളെല്ലാം ബോർഡിൽ ഉണ്ടെങ്കിലും കേരളത്തിൽ ചില സെക്ഷനുകളിൽ കൺസ്യൂമേഴ്സിന്റെ എണ്ണം വളരെ കൂടുതലാണ്. കൺസ്യൂമേഴ്സിന്റെ എണ്ണവും സ്ഥലത്തിന്റെ വിസ്തീർണ്ണവും പരിഗണിച്ചു കൊണ്ട് ഒരു പുതിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വളരെ അത്യാവശ്യം വേണ്ടുന്ന ചില സ്ഥലങ്ങളിൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. ഇരുപതിനായിരത്തിൽ കൂടുതൽ കൺസ്യൂമേഴ്സ് ഉള്ളിടത്തെല്ലാം സെക്ഷൻ ഓഫീസ് നൽകണം എന്നുള്ള ആവശ്യം വന്നിട്ടുണ്ട്. അതും സ്ഥലത്തിന്റെ വിസ്തീർണ്ണവും പരിഗണിച്ച് ഒരു നോംസിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ചില സെക്ഷൻ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. ഈ സന്ദർഭത്തിൽ ചുള്ളിമാനൂരിൽ തുടങ്ങുന്ന കാര്യവും പരിഗണനയിലാണ്.

(4) മട്ടന്നൂർ, ഇരിട്ടി, പേരാവൂർ സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ

പ്രൊഫ. എ. ഡി. മുസ്തഫ: സർ, എന്റെ നിയോജക മണ്ഡലത്തിലെ മട്ടന്നൂർ, ഇരിട്ടി, പേരാവൂർഎന്നീ സർക്കാർ ആശുപത്രികളിലൊക്കെ വളരെ ശോചനീയമായ അവസ്ഥയാണുള്ളത്. മട്ടന്നൂർ ആശുപത്രിയിലെ പുതിയ കെട്ടിടം ബഹുമാനപ്പെട്ട അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. പി. ശങ്കരൻ ഉദ്ഘാടനം ചെയ്തിട്ട് ഒന്നര വർഷം കഴിഞ്ഞു. ഉദ്ഘാടനസമയത്ത് അത് തുറന്നതല്ലാതെ ഇന്നും അത് പൂട്ടിക്കിടക്കുകയാണ്. 45 ബെഡ് സൗകര്യമുള്ള ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ നിയോഗിക്കാത്തതുകൊണ്ട്, തുറന്ന്, മണിക്കൂറുകൾക്ക് ശേഷം പൂട്ടി, ഇന്നും അത് പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഇരിട്ടി ആശുപത്രിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എച്ച്.സി.യെ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്തെങ്കിലും ആവശ്യമായ സ്റ്റാഫിനെ ലഭിക്കാത്തതുകൊണ്ട് അതിന്റെ പ്രയോജനവും ലഭിക്കുന്നില്ല. പേരാവൂർ ആശുപത്രിയിലാണെങ്കിൽ അവിടെ ഒരു മോർച്ചറിക്കുവേണ്ടി ആവശ്യപ്പെട്ടിട്ട് വർഷങ്ങൾ കുറേയായി. ഒരു മരണം സംഭവിച്ചു കഴിഞ്ഞാൽ ഏറ്റവും ചുരുങ്ങിയത് 60 കി.മീറ്റർ ദൂരെയുള്ള തലശ്ശേരിയിലോ, കണ്ണൂരിലോ കൊണ്ടുപോയി പോസ്റ്റുമോർട്ടം ചെയ്യേണ്ട അവസ്ഥയാണുള്ളത്. വളരെ ഗുരുതരമായ ഈ അവസ്ഥയിലേക്ക് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly